REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളം നാളെ വിധിയെഴുതും. ഇന്ന് നിശബ്ദ പ്രചാരണം. കേരളത്തോടൊപ്പം, അസമിലും പുതുച്ചേരിയിലും നാളെ വോട്ടെടുപ്പ്.**
- **നിയമസഭ തിരഞ്ഞെടുപ്പിൽ വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം രാവിലെ എട്ടിന് ആരംഭിക്കും.**
- **റിസർവ് ബാങ്കിന്റെ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പണനയം ഇന്ന്.**
- **പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് താൽകാലിക ആശ്വാസം. ഇറാനെതിരെ രണ്ടാഴ്ചത്തെ വെടി നിർത്തലിന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.**
- **IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളം നാളെ വിധിയെഴുതും. മൂന്നാഴ്ചയിലേറെ നീണ്ട പരസ്യ പ്രചാരണത്തിന് ഇന്നലെ വൈകിട്ട് സമാപനമായതോടെ ഇന്ന് സംസ്ഥാനത്തെ പ്രചാരണ പ്രവർത്തനങ്ങൾ അണിയറയിലൊതുങ്ങും. സ്ഥാനാർത്ഥികളും പ്രവർത്തകരും വോട്ടർമാരെ നേരിൽകണ്ട് വ്യക്തിപരമായ അഭ്യർത്ഥനയിലൂടെ വോട്ട് തേടുന്ന മണിക്കൂറുകളാണ് ഇന്നത്തേത്. കേരളത്തോടൊപ്പം, അസമിലും പുതുച്ചേരിയിലും നാളെയാണ് വോട്ടെടുപ്പ്.

കൂടുതൽ തെരഞ്ഞെടുപ്പ് വിശേഷങ്ങൾ....

...........വോയ്സ്..........

പ്രചാരണത്തിന്റെ സമാപനത്തിൽ ഇന്നലെ സംസ്ഥാനത്ത് പലയിടത്തും പ്രവർത്തകർ തമ്മിൽ നേരിയ തോതിൽ സംഘർഷവും ഏറ്റുമുട്ടലും ഉണ്ടായി.

ഹരിപ്പാട്, പേരാവൂർ, പട്ടാമ്പി, തൃത്താല, കളമശ്ശേരി എന്നിവിടങ്ങളിൽ പ്രവർത്തകർ കയ്യാങ്കളിയും കല്ലേറും നടത്തിയെങ്കിലും പൊലീസും നേതാക്കളും ഇടപെട്ട് രംഗം ശാന്തമാക്കി.

വോട്ടർ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി, വൈകിട്ട് ഏഴിന് സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും നടത്താനിരുന്ന മനുഷ്യശൃംഖലയും ദീപം തെളിയിക്കലും ചില സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U. കേൽക്കർ അറിയിച്ചു. എന്നാൽ സംസ്ഥാന തലത്തിൽ നിശ്ചയിച്ച വിളംബര ഘോഷയാത്ര വൈകിട്ട് തിരുവനന്തപുരം പാളയത്തു നിന്ന് ആരംഭിക്കുമെന്ന് ഡോ. കേൽക്കർ പറഞ്ഞു. നാളെ രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറ് വരെ തുടരും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ പ്രശ്ന സാധ്യത കണ്ടെത്തിയ 771 ബൂത്തുകളിൽ പ്രത്യേക സുരക്ഷാ സംവിധാനം ഒരുക്കും.

കണ്ണൂരിൽ നിന്ന KO ശശിധരൻ....

..........വോയ്സ്.........

പ്രശ്ന സാധ്യതയുള്ള ബൂത്തുകളിൽ കേന്ദ്രസേന ഉൾപ്പെടെയുള്ള പ്രത്യേക സുരക്ഷ ഒരുക്കം. പോലീസിന് പുറമേ 493 മൈക്രോ ഒബ്സർമാരെയും വിവിധ ബൂത്തുകളിൽ നിയോഗിക്കും. 37 കമ്പനി കേന്ദ്രസേനാഗങ്ങളെ സുരക്ഷയ്ക്കായിജില്ലയിൽ വിന്യസിക്കുന്നത് ഓക്സിലറി പോളിംഗ് സ്റ്റേഷൻ ഉൾപ്പെടെ ഉൾപ്പെടെ 2183 പോളിഷ് സ്റ്റേഷനുകളാണ് സജ്ജമാക്കിയിട്ടുള്ളത്. പോളിംഗ് ഉദ്യോഗസ്ഥരായി വനിതകൾ മാത്രമുള്ള 15 സ്റ്റേഷനുകളും ഒരുക്കുന്നുണ്ട്

എല്ലാം പോളിംഗ് ബൂത്തുകളുടെയും അകവും പുറവും ക്യാമറയുടെ നിരീക്ഷണത്തിൽ ആയിരിക്കും. ഓരോ പോളിംഗ് ബൂത്തുകളിലും നാല് വീതം സന്നദ്ധ പ്രവർത്തകരെ വോട്ടർമാരെ സഹായിക്കാനായി സജ്ജമാക്കും എൻഎസ്എസ് എൻ സി സി മറ്റു സന്നദ്ധപ്രവർത്തകർ എന്നിവരെയാണ്

ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ജില്ലയിൽ നാളെ അർദ്ധരാത്രി 12 മണി വരെ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം രാവിലെ എട്ടു മണിക്ക് ആരംഭിക്കും. ഇതിനായി ജില്ലകളിൽ വിതരണ-സ്വീകരണ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പോളിങ് സാമഗ്രികൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരെ പ്രത്യേക വാഹനത്തിൽ പോളിങ് ബൂത്തുകളിൽ എത്തിക്കും. പൊലീസും റൂട്ട് ഓഫീസറും ഉദ്യോഗസ്ഥരെ അനുഗമിക്കും. വോട്ടെടുപ്പിന് ശേഷം ഇതേ കേന്ദ്രങ്ങളിലാണ് വോട്ടിംഗ് സാമഗ്രികൾ തിരിച്ചേൽപ്പിക്കേണ്ടത്. ഓരോ കേന്ദ്രത്തിലും 20 മുതൽ 30 വരെ കൗണ്ടറുകൾ ഉണ്ടായിരിക്കും.

പോളിങ് ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരിൽ ഇനിയും വോട്ട് ചെയ്യാത്തവർക്ക് രാവിലെ ഏഴ് മുതൽ വിതരണ കേന്ദ്രങ്ങളിലെ വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകളിൽ അതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. വോട്ടിംഗ് പൂർത്തിയായ ശേഷമേ പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യൂ.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പ് പ്രക്രിയ സുരക്ഷിതമായും സമാധാനപരമായും നടത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ആളുകളുടെ കൂട്ടംചേരൽ വിലക്കി ജില്ലാ കലക്ടർ ഉത്തരവിട്ടു. ഇന്ന് രാവിലെ ആറ് മുതൽ വെള്ളിയാഴ്ച രാവിലെ ആറ് വരെയാണ് നിരോധനം.

തിരഞ്ഞെടുപ്പ് കൃത്യനിർവഹണത്തിന് ഇത് ബാധകമല്ല. ഘോഷയാത്രകൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ തുടങ്ങിയവ ഈ സമയത്ത് നടത്താൻ പാടില്ല.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷാ മുൻകരുതൽ നടപടികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പടക്കക്കടകൾ മറ്റന്നാൾ വരെ അടച്ചിടണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് അറിയിച്ചു. ഇന്നലെ കണ്ണൂർ ജില്ലയിലും പടക്ക ശാലകൾ അടച്ചിടാൻ നിർദേശം നൽകിയിരുന്നു.

✪✪✪

വോട്ടർ ബോധവത്കരണത്തിന് സ്വീപ്പിന്റെ നേതൃത്വത്തിൽ പാലക്കാട്ട് തോൽപ്പാവക്കൂത്ത് വാഹന പ്രദർശനം സംഘടിപ്പിച്ചു. പ്രധാന കേന്ദ്രങ്ങളിൽ തോൽപ്പാവ കൂത്ത് പ്രദർശിപ്പിച്ചു. ജില്ലാഭരണകൂടവും DTPC-യും നൃത്തസന്ധ്യയും ഒരുക്കിയിരുന്നു.

✪✪✪

വോട്ടെടുപ്പ് ദിവസം പോളിംഗ് ഏജന്റുമാരെ ബൂത്തിലിരിക്കാൻ അനുവദിക്കില്ലെന്ന തരത്തിൽ ചില മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഏജന്റുമാരെ സംബന്ധിച്ച ഇപ്പോഴത്തെ മാർഗ നിർദേശങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് കമ്മീഷൻ അറിയിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് നിരീക്ഷിക്കാനും വിലയിരുത്താനും അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശന പരിപാടിയ്ക്ക് തുടക്കമായി. ന്യൂഡൽഹിയിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. SS സന്ധു, ഡോ. വിവേക് ജോഷി എന്നിവരും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ തിരഞ്ഞെടുപ്പുകളെ ജനാധിപത്യത്തിന്റെ ഉത്സവങ്ങളായാണ് കമ്മീഷൻ കണക്കാക്കുന്നതെന്നും ആ ദൗത്യം ഉറപ്പാക്കാനാണ് ശ്രമിക്കുന്നതെന്നും ഗ്യാനേഷ് കുമാർ ചടങ്ങിൽ പറഞ്ഞു.

പരിപാടിയുടെ ഭാഗമായി വിദേശ രാജ്യങ്ങളിലെ വിദഗ്ധ സംഘങ്ങൾ നാളെ തെരഞ്ഞെടുപ്പ് നടക്കുന്ന കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.

കേരളം സന്ദർശിക്കുന്ന എട്ടംഗ വിദേശ സംഘം ഇന്ന് തിരുവനന്തപുരത്തുമെത്തും. പോളിംഗ് സാമഗ്രി വിതരണ കേന്ദ്രങ്ങൾ, കൺട്രോൾ റൂമുകൾ എന്നിവിടങ്ങൾ സംഘം സന്ദർശിക്കും. വോട്ടെടുപ്പ് ദിവസം തിരഞ്ഞെടുത്ത പോളിംഗ് സ്റ്റേഷനുകളിൽ സംഘം നേരിട്ടെത്തി തെരഞ്ഞെടുപ്പ് പ്രക്രിയകൾ നിരീക്ഷിക്കുമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി അറിയിച്ചു.

✪✪✪

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് വോട്ട് ചെയ്യാൻ സൗകര്യം ഉറപ്പുവരുത്തണമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

തപാൽ വോട്ടിന് തിരഞ്ഞെടുപ്പ് കമീഷൻ ഏർപ്പെടുത്തിയ പുതിയ ക്രമീകരണങ്ങൾ ആശയക്കുഴപ്പത്തിന് ഇടയാക്കിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ബാലറ്റുകൾ തപാലിൽ അയക്കുന്നതിനുപകരം ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് വോട്ട് ചെയ്യണമെന്ന നിബന്ധനയും, ബാലറ്റുകൾ ലഭ്യമാക്കുന്നതിലെ കാലതാമസവും ജീവനക്കാരുടെ വോട്ടവകാശം നിഷേധിക്കാൻ കാരണമാകുമെന്ന് പ്രസ്താവന പറയുന്നു. വോട്ടിംഗിന് ബദൽ സംവിധാനം ഒരുക്കണമെന്നും MV ഗോവിന്ദൻ ആവശ്യപ്പെട്ടു.

✪✪✪

റിസർവ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പണനയം ഇന്ന്. തിങ്കളാഴ്ച ആരംഭിച്ച പണനയ സമിതി യോഗതീരുമാനങ്ങൾ റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര മുംബൈയിൽ വെളിപ്പെടുത്തും. RBI ഗവർണറുടെ നേതൃത്വത്തിൽ ആറംഗ ധനനയ സമിതി, പലിശ നിരക്ക്, പണപ്പെരുപ്പം, വളർച്ചാ സാധ്യത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. പശ്ചിമേഷ്യൻ പ്രതിസന്ധി പണപ്പെരുപ്പ സാധ്യതയ്ക്ക് വഴിയൊരുക്കുന്നതിനാൽ റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ നിലനിർത്താൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

✪✪✪

പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് താൽകാലിക ആശ്വാസം. ഇറാനെതിരെ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രണ്ടാഴ്ചത്തെ വെടി നിർത്തൽ സന്നദ്ധത അറിയിച്ചു. വെടിനിർത്തലിന് തയ്യാറാണെന്ന് ഇറാനും വ്യക്തമാക്കി.

ഹോർമുസ് കടലിടുക്കിലൂടെ കപ്പൽ ഗതാഗതം അനുവദിച്ചാൽ വെടിനിർത്തൽ ആകാമെന്ന നിർദേശം ഡൊണാൾഡ് ട്രംപാണ് സാമൂഹിക മാധ്യമത്തിലൂടെ മുന്നോട്ട് വെച്ചത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

..........വോയ്സ്...........

ഇറാനെതിരായ ആക്രമണം നിർത്തിവച്ചാൽ വെടി നിർത്തലിന് തയ്യാറാണെന്നും ഹോർമൂസ് കടലിടുക്ക് തുറന്നുകൊടുക്കാമെന്നും ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി പ്രതികരിച്ചു. വെടിനിർത്തൽ പ്രാബല്യത്തിലാകുന്ന രണ്ടാഴ്ച ഹോർമൂസ് കടലിടുക്ക് വഴി കപ്പലുകളുകളുടെ സുരക്ഷിത ഗതാഗതം ഉറപ്പാക്കാമെന്നും അരാഗ്ചി പറഞ്ഞു.

അമേരിക്കയുടെ നിബന്ധനകൾ അംഗീകരിച്ചില്ലെങ്കിൽ ഇറാന്റെ വൈദ്യത നിലയങ്ങളും പാലങ്ങളും അടക്കം അടിസ്ഥാന സൗകര്യങ്ങൾക്കുനേരെ

ആക്രമണമുണ്ടാകു മെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇന്ത്യൻ സമയം ഇന്ന് പുലർച്ചെ അഞ്ചരവരെയായിരുന്നു അന്ത്യശാസനത്തിന്റെ സമയപരിധി. പ്രതിസന്ധിക്ക് തൽകാലത്തേക്കെങ്കിലും പരിഹാരമായതോടെ ക്രൂഡ് ഓയിൽ വില ആറ് ശതമാനത്തോളം കുറഞ്ഞു.

അതിനിടെ, ഹോർമൂസ് കടലിടുക്ക് തുറക്കണമെന്ന് ആവശ്യപ്പെടുന്ന ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിൽ പ്രമേയം റഷ്യയും ചൈനയും വീറ്റോ ചെയ്തു. 15 അംഗ സുരക്ഷാ സമിതിയിലെ 11 രാജ്യങ്ങളും ബഹ്റൈൻ കൊണ്ടുവന്ന പ്രമേയത്തെ അനുകൂലിച്ചെങ്കിലും വീറ്റോ ചെയ്തതോടെ പ്രമേയം പാസാക്കാൻ ആയില്ല.

✪✪✪

കൊച്ചിയിലെ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജിയെയും, പൂനെയിലെ നാഷണൽ ഫംഗൽ കളക്ഷനേയും സുക്ഷ്മ ജീവികളുടെ സൂക്ഷിപ്പുകേന്ദ്രങ്ങളായി കേന്ദ്രം വിജ്ഞാപനം ചെയ്തു. ജൈവ വൈവിദ്ധ്യ നിയമപ്രകാരം ജീവജാലങ്ങളുടെയും പുതുതായി കണ്ടെത്തുന്ന സ്പീഷിസുകളുടേയും സാമ്പിൾ സുരക്ഷിതമായി സംരക്ഷിക്കാനും സൂക്ഷിക്കാനുമാണ് നടപടി. ഗവേഷണ - വാണിജ്യ ആവശ്യങ്ങൾക്ക് ഈ ശേഖരങ്ങൾ പ്രയോജനപ്പെടുത്താനാകും. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ 27 റൺസിന് തോൽപ്പിച്ചു. ഗോഹട്ടിയിലായിരുന്നു മത്സരം.

ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിലെ അരുൺജെയ്റ്റ്ലി സ്റ്റേഡിയൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിൽ, ഗോകുലം കേരളാ FC രാജസ്ഥാൻ FC യോട് പരാജയപ്പെട്ടു. ജയ്പൂരിൽ എതിരില്ലാത്ത ഒരു ഗോളിനാണ് രാജസ്ഥാന്റെ ജയം.

✪✪✪

ISL ഫുട്ബോളിൽ ഇന്റർകാശി FC ക്ക് ജയം. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ടു ഗോളിന് ചെന്നൈയിൻ FC-യെയാണ് ഇന്റർകാശി പരാജയപ്പെടുത്തിയത്.

നാളെ മുംബൈ സിറ്റി, ജംഷഡ്പൂർ FC-യെ നേരിടും. വൈകിട്ട് ഏഴരക്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് താപനില ഉയരുന്നു. പാലക്കാട് ജില്ലയിൽ നാളെ വരെ പകൽച്ചൂട് 38 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോട്ടയം, തൃശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെ ഉയരാനും സാധ്യതയുണ്ട്. വടക്കൻ ജില്ലകളിൽ വരും ദിവസങ്ങളിൽ വരണ്ട അന്തരീക്ഷ മായിരിക്കും. മധ്യ-തെക്കൻ ജില്ലകളിലെ ചിലയിടങ്ങളിൽ ഇടി മിന്നലോട് കൂടിയ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

✪✪✪

മദ്യം അർബുദത്തിന് കാരണമാകുമെന്ന ലേബൽ മദ്യകുപ്പികൾക്ക് മേൽ പതിപ്പിക്കേണ്ടതില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് മദ്യകുപ്പികൾക്ക് പുറത്ത് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തുന്ന സ്ഥിതിക്ക് അർബുദത്തിന്റെ കാര്യം എടുത്തുപറയേണ്ടതില്ലെന്ന് ഉത്തരവിൽ പറഞ്ഞു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ, രജിന കെ*
*DEO : സി കെ സുബോധ്*